

## ചൈൽഡ് വെൽഫെയർ കമ്മറ്റി (Child Welfare Committee - CWC)

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ കാര്യത്തിൽ തീർപ്പു കൽപ്പിക്കുന്നതിന് ചൈൽഡ് വെൽഫെയർ കമ്മറ്റിയാണ്. ഒരു ചെയർപേഴ്സണും 4 അംഗങ്ങളും ചേർന്നതാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി. ഒരംഗം വനിതയായിരിക്കും.

| കേസുകളുടെ തരം – വകുപ്പ് 86 |
|---|
| <u>പെറ്റി കേസുകൾ (Petty Offences)</u><br>3 വർഷം വരെ തടവും ജാമ്യം ലഭിക്കാവുന്നതുമായ കുറ്റം. |
| <u>ഗൗരവമായ കേസുകൾ (Serious Offences)</u><br>3 വർഷം മുതൽ 7 വർഷം വരെ തടവും ജാമ്യമില്ലാത്തതുമായ കുറ്റം. |
| <u>ഹീനമായ കേസുകൾ (Heinous Offences)</u><br>7 വർഷമോ അതിൽ കൂടുതലോ തടവും ജാമ്യമില്ലാത്തതുമായ കുറ്റം. |
| 3 വർഷമോ അതിൽ കൂടുതലോ തടവ് ലഭിക്കാവുന്ന എല്ലാ കുറ്റങ്ങളും ജാമ്യമില്ലാ കുറ്റങ്ങളാകുന്നു. |

## സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് (SJPU)

കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ പോലീസ് പ്രവർത്തനങ്ങളും ഏകീകരിച്ച് നടപ്പിലാക്കുന്നതിനായി ഓരോ ജില്ലയിലും പ്രത്യേക പോലീസ് യൂണിറ്റ് ബാലനീതിനിയമം വ്യവസ്ഥ ചെയ്യുന്നു. കുട്ടികളുമായി ഇടപഴകാൻ പ്രത്യേക പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥർ, സാമൂഹ്യപ്രവർത്തകർ എന്നിവർ ഉൾപെടുന്ന യൂണിറ്റാണ് **SJPU**. ജില്ലയിൽ **DySP DCRB** യുടെ നേതൃത്വത്തിൽ **SJPU** പ്രവർത്തിച്ചുവരുന്നു.

## ബാലസംരക്ഷണ സദനങ്ങൾ

### ചിൽഡ്രൻസ്ഹോം

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ (**CNCP**) താൽക്കാലികമായി പാർപ്പിക്കുന്ന സദനം. ആൺകുട്ടികൾക്കായി തവനൂരിൽ ആണ് ചിൽഡ്രൻസ് ഹോം പ്രവർത്തിക്കുന്നത്. **CWC** ഉത്തരവ് പ്രകാരം സ്ഥാപനത്തിൽ അഡ്മിഷൻ നൽകുന്നു.

### ഒബ്സർവേഷൻ ഹോം

നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ (CCL) താൽക്കാലികമായി സംരക്ഷിക്കുവാനുള്ള സദനം. ജുവനൈൽ ജസ്റ്റിസ് ബോർഡ് ഉത്തരവ് പ്രകാരം അഡ്മിഷൻ നൽകുന്നു.

### സ്പെഷ്യൽ ഹോം

നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ 3 വർഷംവരെ പുനരധിവസിപ്പിക്കാനുള്ള സദനങ്ങൾ തിരുവനന്തപുരത്തും കോഴിക്കോടും പ്രവർത്തിക്കുന്നു.


**District Child Protection Unit**

3rd Floor, Mini Civil Station, Kacheripadi, Manjeri, Malappuram,

Ph: 0483 2978888 E-mail : dcpumpm@gmail.com


കേരള സർക്കാർ
സാമൂഹ്യനീതി വകുപ്പ്
www.sjd.kerala.gov.in

SOCIAL JUSTICE DEPARTMENT




DISTRICT POLICE MALAPPURAM

# ബാലനീതി നിയമം 2015

## പോലീസും കുട്ടികളും


**ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്**

മിനി സിവിൽ സ്റ്റേഷൻ 3–ാം നില, മഞ്ചേരി,

മലപ്പുറം ജില്ല 0483 2978888

dcpumpm@gmail.com

Juvenile Justice (Care and Protection of Children ) Act 2015

ബാലനീതി നിയമം 2015

# 18 വയസിന് താഴെയുള്ള ഏതൊരാളും കുട്ടിയാണ്...

## ബാലനീതി നിയമം 2015 പ്രകാരം കുട്ടികളെ പ്രധാനമായും രണ്ടായി തരം തിരിച്ചിരിക്കുന്നു.

1. **നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ (Child in Conflict with Law - CCL)**
   നിയമങ്ങൾക്കെതിരെ പ്രവർത്തിച്ചതായ കുട്ടികളെയാണ് നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ എന്ന് നിർവ്വചിക്കുന്നത്. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കുവേണ്ടി ജുവനൈൽ ജസ്റ്റിസ് ബോർഡ് (JJB) പ്രവർത്തിക്കുന്നു.
2. **ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ (Child in Need of Care and Protection - CNCP)**
   തെരുവുകുട്ടികൾ, ബാലവേല ചെയ്യുന്ന കുട്ടികൾ, ശൈശവ വിവാഹത്തിന് ഇരയാകാവുന്ന കുട്ടികൾ, ഭിക്ഷാടനം ചെയ്യുന്ന കുട്ടികൾ, അത്യാഹിതത്തിൽപ്പെടുന്ന കുട്ടികൾ, എച്ച്.ഐ.വി. എയ്ഡ്സ് ബാധിച്ച കുട്ടികൾ ശാരീരികമായോ ലൈംഗികമായോ പീഡനത്തിനിരയായ കുട്ടികൾ, ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെട്ട കുട്ടികൾ, മാതാപിതാക്കൾ ഉപേക്ഷിച്ച കുട്ടികൾ, മാനസിക സമ്മർദ്ധത്തിൽ അകപ്പെടുന്ന കുട്ടികൾ തുടങ്ങി ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളാണ് ഈവിഭാഗത്തിൽ പെടുന്നത്. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കുവേണ്ടി ചൈൽഡ് വെൽഫെയർ കമ്മറ്റി (CWC) പ്രവർത്തികുന്നു.

## ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യുണിറ്റ് (DCPU)

ബാലനിതി നിയമത്തിന്റെ ഏകോപനം നിർവ്വഹിക്കേണ്ടത് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകളാണ്. (District Child Protection Unit - DCPU). മലപ്പുറം ജില്ലയിൽ മഞ്ചേരിയിൽ DCPU പ്രവർത്തിക്കുന്നു.

# കുറ്റവും ശിക്ഷയും

ബാലനീതി നിയമം 2015 പ്രകാരം മുതിർന്നവർ കുട്ടികൾക്കെതിരെ ചെയ്യുന്ന വിവിധ കുറ്റകൃത്യങ്ങൾക്ക് അനുശാസിക്കുന്ന ശിക്ഷ.

| വകുപ്പ് | കുറ്റം | ശിക്ഷ |
|---|---|---|
| 33 | മാതാപിതാകളിൽനിന്നും വേർപെട്ട കുട്ടികളെ ലഭ്യമായ വിവരം റിപ്പോർട്ട് ചെയ്യാതിരുന്നാൽ. | 6 മാസം വരെ തടവും പിഴയും |
| 42 | കുട്ടികളെ താമസിപ്പിക്കുന്ന സ്ഥാപനങ്ങൾ ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്യാതിരുന്നാൽ. | 1 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും |
| 74 | കുറ്റകൃത്യത്തിന് ഇരയായ കുട്ടികളുടെയോ നിയമവുമായി പൊരുത്തപെടാത്ത കുട്ടികളുടെയോ വിവരങ്ങൾ വെളിപ്പെടുത്തിയാൽ. | 6 മാസം വരെ തടവും 2 ലക്ഷം വരെ പിഴയും |
| 75 | കുട്ടികളെ ആക്രമിക്കുക, ഉപദ്രവിക്കുക അവഗണിക്കുക അതിലൂടെ കുട്ടികൾക്ക് മാനസിക ശാരീരിക സമ്മർദ്ദം ഏൽപിച്ചാൽ. | 3 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| 76 | ഭിക്ഷാടനത്തിന് കുട്ടികളെ ഉപയോഗിച്ചാൽ. | 5 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| 77 | മദ്യം, പുകയില, ലഹരി വസ്തുക്കൾ കുട്ടികൾക്ക് നൽകിയാൽ. | 7 വർഷം വരെ കഠിന തടവും 1 ലക്ഷം രൂപ വരെ പിഴയും |
| 78 | മദ്യം മയക്കുമരുന്ന് വിൽപ്പന വിതരണം കടത്ത് എന്നിവക്ക് കുട്ടിയെ ഉപയോഗിച്ചാൽ. | 7 വർഷം വരെ കഠിന തടവും 1 ലക്ഷം രൂപ പിഴയും |
| 79 | വേല ചെയ്യിപ്പിക്കുകയോ ജോലി ചെയ്യിപ്പിച്ച് സാമ്പത്തികമായി ചൂഷണം ചെയ്യുകയോ ചെയ്താൽ. | 5 വർഷം വരെ കഠിന തടവും 1 ലക്ഷം രൂപ വരെ പിഴയും |
| 80 | അനധികൃതമായി കുട്ടികളെ ദത്ത് എടുത്താൽ. | 3 വർഷം വരെ കഠിന തടവും 1 ലക്ഷം രൂപ പിഴയും |
| 81 | കുട്ടികളെ വിൽക്കുകയോ വാങ്ങുകയോ ചെയ്താൽ | 5 വർഷം വരെ കഠിന തടവും 1 ലക്ഷം രൂപ പിഴയും |
| 82 | കുട്ടികൾക്കെതിരെ ശാരീരികമായ ശിക്ഷ നൽകിയാൽ | 3 മാസം വരെ തടവും പിഴയും |
| 83 | മുതിർന്നവർ നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്ക് കുട്ടികളെ ഉപയോഗിച്ചാൽ. | 7 വർഷം വരെ കഠിന തടവും 5 ലക്ഷം രൂപ പിഴയും |
| 84 | കുട്ടികളെ തട്ടികൊണ്ടുപോയാൽ | ഇന്ത്യൻ ശിക്ഷാ നിയമം 359 മുതൽ 369 വരെയുള്ള നടപടി. |
| 85 | ഭിന്നശേഷിക്കരായ കുട്ടികൾക്കെതിരെയുള്ള അതിക്രമം. | അത്തരം കുറ്റകൃത്യങ്ങൾക്ക് ലഭിക്കുന്ന ശിക്ഷയുടെ ഇരട്ടി ശിക്ഷ |
| 87 | കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുക | അത്തരം കുറ്റകൃത്യത്തിന് നിശ്ചയിച്ചിരിക്കുന്ന അതേ ശിക്ഷ |

## ജുവനൈൽ ജസ്റ്റിസ് ബോർഡ് (Juvenile Justice Board - JJB)

ബാലനീതി നിയമം 2015 പ്രകാരം നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത കുട്ടികളുടെ കാര്യത്തിൽ തീരുമാന കൈകൊള്ളേണ്ട സംവിധാനമാണ് ജുവനൈൽ ജസ്റ്റിസ് ബോർഡ്. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് പ്രിൻസിപ്പാൾ മജിസ്ട്രേറ്റായും രണ്ട് സാമൂഹിക പ്രവർത്തകർ അംഗങ്ങളായുള്ള ഈ ബെഞ്ചിൽ ഒരംഗം വനിതയായിരിക്കും.

16 വയസു കഴിഞ്ഞതും ഹീനകൃത്യങ്ങളിൽ ഉൾപ്പെട്ടതുമായ കുട്ടികളുടെ പ്രാഥമിക വിശകലന (Preliminary Assessment) ത്തിൽ കുട്ടിയെ മുതിർന്ന ആളെ പോലെ വിചാരണ ചെയ്യാം എന്ന് JJB തീരുമാനിക്കുന്നപക്ഷം കേസ് കുട്ടികളുടെ കോടതി അഥവാ സെഷൻസ് കോടതിയിലേക്ക് മാറ്റാൻ ജുവനൈൽ ജസ്റ്റിസ് ബോർഡിന് ഉത്തരവിടാവുന്നതാണ്.